Swathanthra Malayalam Computing

Parambath House,
Amala Nagar Post,
Thrissur
Kerala, India
680555

Reg No. : R 80/2010 Thrissur
Email : contact@smc.org.in
Web : smc.org.in
Phone : +91 9448063780

**പ്രസിദ്ധീകരണത്തിന്**                                                    സെപ്റ്റംബർ 5 2013

# സ്വതന്ത്രമലയാളംകമ്പ്യൂട്ടിങ്ങ് ശില്പശാലകളുടെ സംസ്ഥാനതല ഉദ്ഘാടനവും വ്യാഴവട്ടാഘോഷങ്ങളുടെ ലോഗോ പ്രകാശനവും

2001 മുതൽ മലയാളഭാഷയുടെ ഡിജിറ്റൽ വളർച്ചക്കൊപ്പം നടന്ന സ്വതന്ത്രമലയാളംകമ്പ്യൂട്ടിങ്ങിന്റെ പ്രവർത്തനങ്ങളുടെ ഒരു വ്യാഴവട്ടം തികയുകയാണീവർഷം. ഒരു വർഷം നീണ്ടുനിൽക്കുന്ന 12-ആം പിറന്നാൾ ആഘോഷങ്ങൾക്ക് ഒക്ടോബർ 14, 15 തീയതികളിൽ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് തുടക്കമാകും . ഈ ആഘോഷത്തിന്റെ വിളംബര പരിപാടികളുടെ തുടക്കമായി കേരളത്തിലുടനീളം നടക്കുന്ന മലയാളം കമ്പ്യൂട്ടിങ്ങ് ശില്പശാലകളുടെ സംസ്ഥാനതല ഉദ്ഘാടനവും 'സ്വതന്ത്രമലയാളംകമ്പ്യൂട്ടിങ്ങിന്റെ ഒരു വ്യാഴവട്ടം' ആഘോഷത്തിന്റെ ലോഗോ പ്രദർശനവും സെപ്റ്റംബർ 6, വെള്ളിയാഴ്ച കാലത്ത് 10 മണിക്ക് തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ വച്ച് നടക്കുന്ന ആദ്യ ശില്പശാലയിൽ വൈസ് ചാൻസിലർ ശ്രീ കെ ജയകുമാർ നിർവഹിക്കും. തുടർന്നുള്ള ദിവസങ്ങളിൽ കേരളത്തിലെ നിരവധി കലാലയങ്ങളിലും എഞ്ചിനീയറിങ്ങ് കോളേജുകളിലും പോളിടെക്നിക്കുകളിലും മലയാളം കമ്പ്യൂട്ടിങ്ങ് ശില്പശാലകൾ നടക്കും . മലയാളം കമ്പ്യൂട്ടിങ്ങിന്റെ പ്രാഥമികകാര്യങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുന്ന വിധത്തിലാണ് ശില്പശാലകൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത് .

ശില്പശാലകളിൽ ഭാഷാ സാങ്കേതികവിദ്യ , ഭാഷാ കമ്പ്യൂട്ടിങ്ങ്, കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കാനുള്ള പരിശീലനം, മലയാള ഭാഷാ കമ്പ്യൂട്ടിങ്ങിലെ പ്രധാന സംരംഭങ്ങൾ, നല്ല പ്രോഗ്രാമിങ്ങ് ശീലങ്ങൾ, ഭാഷാകമ്പ്യൂട്ടിങ്ങിലെ ജോലി സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടും. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിലെയും സ്വതന്ത്ര സോഫ്റ്റ് വെയർ രംഗത്തെയും സന്നദ്ധപ്രവർത്തകരും IT വിദഗ്ധരും ക്യാമ്പുകൾക്ക് നേതൃത്വം കൊടുക്കും. സെപ്റ്റംബർ 7 ന് മാത്രം കേരളത്തിലെ ഏഴ് ജില്ലകളിൽ മലയാളം കമ്പ്യൂട്ടിങ്ങ് ശില്പശാലകൾ നടക്കുന്നുണ്ട്.

കോഴിക്കോട് എൻഐടി വിദ്യാർത്ഥിയായിരുന്ന ബൈജു എം 2001-ൽ ആരംഭിച്ച മലയാളം ലിനക്സ് എന്ന ഓൺലൈൻ സമൂഹമാണ് ഏതാണ്ട് പത്തുമാസങ്ങൾക്ക് ശേഷം 'സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് എന്ന പേരു സ്വീകരിച്ചത്. തുടർന്നുള്ള 12 വർഷം കൊണ്ട് മലയാളം കമ്പ്യൂട്ടിങ്ങിനെ കൈപിടിച്ച് നടത്തുവാനും മറ്റേതു ഇന്ത്യൻ ഭാഷയ്ക്കും മാതൃകയാക്കാനും സാധിക്കുന്ന വിധത്തിൽ വളർത്തുന്നതിൽ വലിയൊരു പങ്ക് വഹിക്കാൻ സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങിനായി. സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രാദേശികവൽകരണം, ഫോണ്ടുകളുടെ നിർമാണവും പുതുക്കലും കമ്പ്യൂട്ടർ /മൊബൈൽ സമ്പർക്കമുഖങ്ങളിലെ കൃത്യമായ മലയാള ചിത്രീകരണം ഉറപ്പുവരുത്തൽ, കമ്പ്യൂട്ടർ / മൊബൈൽ ഉപകരണങ്ങളിൽ മലയാളം ടൈപ്പു ചെയ്യാൻ വേണ്ടിയുള്ള നിരവധി നിവേശകരീതികളുടെ നിർമ്മിക്കലും പുതുക്കലും , എന്നുതുടങ്ങി ഭാഷാകമ്പ്യൂട്ടിങ്ങിന്റെ ഏതാണ്ടെല്ലാ മേഖലകളിലും

വ്യക്തമായ ഇടപെടലുകൾ ഈ കാലയളവുകൊണ്ട് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് നടത്തി. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി സർക്കാർ / സർക്കാരിതര കമ്പ്യൂട്ടിങ് പ്രവർത്തനങ്ങളുടേയും ഭാഗമാവാനും , ഗൂഗിൾ സമ്മർ ഓഫ് കോഡിനു രണ്ടു തവണ മെന്ററിങ് ഓർഗനൈസേഷനായി തിരഞ്ഞെടുക്കപ്പെടാനും സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങിനു സാധിച്ചു. ഐടി അറ്റ് സ്കൂളിലെ മലയാളലഭ്യത, കേരളസർക്കാരിന്റെ 2008 ൽ തുടങ്ങിയ മലയാളം കമ്പ്യൂട്ടിങ്ങ് കാമ്പൈൻ , തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സാധ്യമാക്കാനുള്ള സ്വതന്ത്രമായ സാങ്കേതിക അടിത്തറ നിർമ്മിക്കാനായതും ഈ കൂട്ടായ്മയുടെ ഒരു നേട്ടമാണ്. ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ സ്വതന്ത്രസോഫ്റ്റ്‌വെയർ അധിഷ്ഠിത ഡെവലപ്പർ കൂട്ടായ്മയാണ് സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് .

ഈ പ്രയാണം ഒരു വ്യാഴവട്ടം തികയ്ക്കുന്നതിന്റെ ആഘോഷപരിപാടികളുടെ ഉദ്ഘാടനമായി നടത്തുന്ന ദ്വിദിന സമ്മേളനം മലയാളത്തെ കമ്പ്യൂട്ടിങ്ങിനു പ്രാപ്തമാക്കിയ ഒട്ടനവധി വ്യക്തികളുടെയും കൂട്ടങ്ങളുടെയും ഇടപെടലുകളെ ഓർമ്മിക്കാനും ആദരിക്കാനും അവരുമായി സംവദിക്കാനും പുതുവഴികളെപ്പറ്റി കൂട്ടായി അന്വേഷിക്കാനുമുള്ള ഒരു സന്ദർഭമൊരുക്കൽ കൂടിയാണ്. മലയാളം കമ്പ്യൂട്ടിങ്ങിലെ നിലവിലുള്ള സ്ഥിതിയും, ഇത്തരം ഇടപെടലുകളുടെ സാംസ്കാരിക പ്രസക്തിയും ചർച്ച ചെയ്യുന്നതോടൊപ്പം മലയാളം കമ്പ്യൂട്ടിങ്ങ് രംഗത്ത് നിലവിലുള്ള വെല്ലുവിളികളെയും , അവയെ എങ്ങനെ തരണം ചെയ്യാമെന്ന ആലോചനയും ഓരോ രംഗങ്ങളിലേയും വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകളും ഈ പരിപാടിയുടെ ഭാഗമായുണ്ടാവും. ഈ വർഷം സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങിനു കീഴിൽ ഗൂഗിൾ സമ്മർ ഓഫ് കോഡ് പ്രൊജക്ടുകൾ ചെയ്യുന്ന വിദ്യാർത്ഥികളുടെ പ്രൊജക്റ്റ് അവതരണവും ഇതോടൊപ്പം നടക്കും. മലയാളംകമ്പ്യൂട്ടിങ്ങ് പ്രദർശനങ്ങളും ശില്പശാലകളും ഹാക്കത്തോണുകളും രണ്ടു ദിവസങ്ങളിലും സമാന്തരമായി ഉണ്ടായിരിക്കും. ഒപ്പം മലയാളം വിക്കിമീഡിയ പ്രവർത്തകരുടെ മുൻകൈയിലുള്ള വിക്കിപഠനശിബിരവും ഇതോടൊപ്പം നടക്കും . സാഹിത്യകാരന്മാരും സാംസ്കാരികപ്രവർത്തകരും മാധ്യമപ്രവർത്തരും മലയാളം കമ്പ്യൂട്ടിങ്ങ് ശ്രമങ്ങളിൽ പങ്കെടുക്കുന്നവരും മറ്റു ഇന്ത്യൻ ഭാഷകളിലെ കമ്പ്യൂട്ടിങ്ങ് രംഗത്തുപ്രവർത്തിക്കുന്നവരും എല്ലാം വിവിധ ചർച്ചകളിൽ പങ്കാളികളാവും

ഈ സമ്മേളനത്തിന്റെ വിളംബരമെന്നോണമാണ് സെപ്റ്റംബർ ആദ്യവാരം മുതൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും വിവിധ വിദ്യാഭ്യാസ , സാംസ്കാരിക സ്ഥപനങ്ങളുമായി സഹകരിച്ച് മലയാളം കമ്പ്യൂട്ടിങ്ങ് ശില്പശാലകൾ സംഘടിപ്പിക്കുന്നത്

കൂടുതൽ വിവരങ്ങൾക്കും ശില്പശാലകൾക്ക് ആതിഥ്യം വഹിക്കാൻ താല്പര്യമുള്ളസ്ഥാപനങ്ങൾക്കും 9946066907 , 9995551549, 09448063780 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്

**സെപ്റ്റംബർ 7 നു മലയാളം കമ്പ്യൂട്ടിങ്ങ് ശില്പശാലകൾ നടക്കുന്ന സ്ഥലങ്ങൾ:**

പയ്യന്നൂർ വനിതാ പോളിടെക്നിക്, കണ്ണൂർ, വയനാട് എഞ്ചിനീയറിങ്ങ് കോളേജ്, Sreepathy Institute of Management And Technology- പാലക്കാട്, കുന്ദംകുളം പോളിടെക്നിക് , തൃശ്ശൂർ, Albertian Institute of Science and Technology (AISAT) - എറണാകുളം, ചേർത്തല പോളിടെക്നിക് , ആലപ്പുഴ , മുട്ടം പോളിടെക്നിക് , ഇടുക്കി